എഞ്ചിനീയർ (ഐ &എ)-യിൽനിന്ന് ലഭിച്ചിട്ടുള്ളത്. 31-3-2015-ൽ കൂടിയ ടെക്നിക്കൽ സാംഗ്ഷൻ കമ്മിറ്റിയിൽ ചീഫ് ടെക്നിക്കൽ എക്സാമിനറുടെ നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച് ടെക്നിക്കൽ സാംഗ്ഷൻ നൽകുന്നതിന് തീരുമാനിച്ചിരുന്നു. എന്നാൽ ചീഫ് ടെക്നിക്കൽ എക്സാമിനർ എല്ലാ എസ്റ്റിമേറ്റുകളും ഡി.എസ്.ആർ.2014-ലേക്ക് മാറ്റാൻ നിർദ്ദേശം നൽകി. അതനുസരിച്ച് സിവിൽ പാർട്ട് 2014-ലേക്ക് മാറ്റിയിട്ടുണ്ട്. ഇലക്ട്രിക്കൽ, മെക്കാനിക്കൽ പ്രവൃത്തികൾ ഡി.എസ്.ആർ. 2014-ലേക്ക് മാറ്റി നൽകാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) എസ്റ്റിമേറ്റുകൾ ലഭിക്കുന്ന മുറയ്ക്ക് ടെക്നിക്കൽ സാംഗ്ഷൻ നൽകുന്നതിനും ടെണ്ടർ ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ജലസ്രോതസ്സുകളുടെ സംരക്ഷണം

213 (878) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. എ. ടി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലസ്രോതസ്സുകളുടെ സംരക്ഷണത്തിന് പദ്ധതി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) ആരെല്ലാമാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നതെന്ന് വിശദമാക്കുമോ ; ;

(സി) വരൾച്ച പ്രതിരോധിക്കുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ജലസേചന വകുപ്പ്

ജലസ്രോതസ്സുകളുടെ സംരക്ഷണത്തിന് താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കളങ്ങൾ/ചിറകൾ എന്നിവയുടെ സംരക്ഷണത്തിനായി 'ഒരു പഞ്ചായത്തിൽ ഒരു കുളം' എന്ന പദ്ധതിക്കുപുറമെ സംസ്ഥാന ബഡ്ജറ്റ് വിഹിതമുപയോഗപ്പെടുത്തി ജലസ്രോതസ്സുകളുടെ സംഭരണശേഷി വർദ്ധിപ്പിക്കൽ, സംരക്ഷണപ്പണികൾ എന്നിവയും നിർവ്വഹിച്ചുവരുന്നു. കായലുകൾ/തടാകങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

എന്നിവയുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് തയ്യാറാക്കിയിട്ടുള്ള മാനേജ്മെന്റ് ആക്ഷൻ പ്ലാനിൽ വിഭാവനം ചെയ്തിട്ടുള്ള സംരക്ഷണ പ്രവൃത്തികളും നടപ്പിലാക്കുന്നു. കേന്ദ്ര സർക്കാരിന്റെ പദ്ധതിയായ 'Repair, Renovation and Restoration of Water Bodies' പ്രകാരം ധനസഹായം ലഭ്യമാക്കുന്നതിന് പദ്ധതി തയ്യാറാക്കിയിരുന്നെങ്കിലും ടി പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ സംസ്ഥാനത്തിന് അനുയോജ്യമല്ലാത്തതിനാൽ ധനസഹായം ലഭ്യമായിട്ടില്ല. എന്നാൽ, തൃശ്ശൂർ ജില്ലയിൽ ഒരു പദ്ധതി തയ്യാറാക്കി 'State Technical Advisory Committee'-യുടെ മുമ്പാകെ സമർപ്പിച്ച്, അംഗീകാരം ലഭിച്ചിട്ടുണ്ട്. കേന്ദ്ര അനുമതി കൂടി ലഭ്യമാകുകയാണെങ്കിൽ, ടി പദ്ധതി നടപ്പിലാക്കാൻ സാധിക്കും. കൂടാതെ പതിമൂന്നാം ധനകാര്യ കമ്മിഷൻ വിഹിതം ഉപയോഗപ്പെടുത്തി ജലസ്രോതസ്സുകൾ സംരക്ഷിച്ചുവരുന്നു.

നിലവിൽ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്.

1. മഴക്കാലത്ത് ലഭ്യമാകുന്ന ജലം സംരക്ഷിച്ച് സംഭരിക്കുക
2. കൃഷിക്ക്/അനുബന്ധ ആവശ്യങ്ങൾക്ക് ആവശ്യമായ ജലം ലഭ്യമാക്കുക
3. ഭൂഗർഭ ജലവിതാനം താഴ്ന്നു പോകാതെ സംരക്ഷിക്കുക.
4. ജലസ്രോതസ്സുകളുടെ സമീപ പ്രദേശങ്ങളിലുള്ള കിണറുകളിലെ ജലവിതാനം സ്ഥായിയായി നിലനിർത്തുക.
5. ജലസ്രോതസ്സുകളുടെ സംരക്ഷണവും പരിപാലനവും ഉറപ്പാക്കുക.

കേരള വാട്ടർ അതോറിറ്റി

കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള ശുദ്ധജല വിതരണ പദ്ധതികൾ പ്രധാനമായും പുഴകളെയും തടാകങ്ങളെയും ആശ്രയിച്ചാണ് നിലകൊള്ളുന്നത്. വാട്ടർ അതോറിറ്റിയുടെ കടിവെള്ള സ്രോതസ്സുകൾക്ക് സമീപം പരസ്യ ബോർഡുകൾ സ്ഥാപിച്ചും പത്രമാധ്യമങ്ങളിലൂടെ പരസ്യംനൽകിയും മലിനീകരണങ്ങൾ തടയുവാനും കയ്യേറ്റങ്ങൾ ഉണ്ടാകാതെയും സംരക്ഷിക്കുന്നുണ്ട്.

ജലനിധി

ജലനിധിയുടെ രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ പഞ്ചായത്തിനും ജലസുരക്ഷാ രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. ജലസംരക്ഷണവും പരിപാലനവും നടപ്പാക്കുന്നതിന് ഭൂജലപരിപോഷണ പദ്ധതികൾ രൂപീകരിച്ചിട്ടുണ്ട്. ഇതിനുവേണ്ടി ഓരോ പഞ്ചായത്തിനും 30 ലക്ഷം രൂപ വീതം വകയിരുത്തിയിട്ടുണ്ട്. ഉദ്ദേശം 25 കോടി രൂപയുടെ ഭൂജല പരിപോഷണ പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു.

ഭൂജലവകുപ്പ്

ഭൂജല സ്രോതസ്സിന്റെ സംരക്ഷണത്തിനും പരിപോഷണത്തിനുമായി ശാസ്ത്രീയമായി സ്ഥാനനിർണ്ണയം നടത്തി അടിയണകൾ, തടയണകൾ, മഴക്കുഴികൾ മുതലായവയും ഉറന്ന കിണറുകൾക്ക് ചുറ്റും ആഴം കുറഞ്ഞ കിടങ്ങുകൾ നിർമ്മിച്ച് അതിലൂടെ ഉറന്ന കിണറുകൾ പരിപോഷിപ്പിക്കുന്ന പദ്ധതിയും ഭൂജല വകുപ്പ് നടപ്പാക്കിവരുന്നു.

(ബി) ജനപ്രതിനിധികൾ, തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾ, പൊതുജനങ്ങൾ എന്നിവരുടെ നിർദ്ദേശാനുസരണമാണ് ജലസ്രോതസ്സുകളുടെ സംരക്ഷണ പ്രവൃത്തികൾ മുൻഗണന നൽകി ഏറ്റെടുക്കുന്നത്. പൊതുജനങ്ങളുടെയും/റസിഡന്റ് അസോസിയേഷനുകളുടെയും സഹകരണം പദ്ധതിനടത്തിപ്പിൽ ലഭിക്കാറുണ്ട്. കൂടാതെ തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള സഹകരണവും തേടാറുണ്ട്. ഗ്രാമപഞ്ചായത്തും ബി.ജി. (ഗുണഭോക്തൃ സമിതി) ഫെഡറേഷനുമാണ് ജലനിധി പദ്ധതികളുമായി സഹകരിക്കുന്നത്.

ഭൂജല വകുപ്പിൻകീഴിലുള്ള ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും എന്ന പദ്ധതി പൂർണ്ണമായും ഭൂജല വകുപ്പാണ് നടപ്പാക്കിവരുന്നത്.

(സി) ജലസേചന വകുപ്പ്

വരൾച്ചയുണ്ടായാൽ ഉണ്ടാകാവുന്ന ജലദൗർലഭ്യം പരിഹരിക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. കൂടാതെ നീർത്തടാടിസ്ഥാനത്തിലാണ് പ്രവൃത്തികൾ നിർവ്വഹിച്ചു വരുന്നത് എന്നതിനാൽ പരിസരത്തിലെ ജലലഭ്യത വർദ്ധിപ്പിക്കുന്നതിനും അതുവഴി നദികളിലെയും മറ്റ് ജലസ്രോതസ്സുകളിലെയും നീരൊഴുക്ക് സ്ഥായിയാക്കുന്നതിനും/ വർദ്ധിപ്പിക്കുന്നതിനും കഴിയും .

കേരള വാട്ടർ അതോറിറ്റി

വരൾച്ച പ്രതിരോധിക്കുന്നതിനായി ജലസ്രോതസ്സുകളിലെ ജലവിതാനം കുറയുന്നത് തടയുന്നതിനും ജലവിതാനം ഉയർത്തുന്നതിനുംവേണ്ടി കേരള വാട്ടർ അതോറിറ്റിയുടെ വിവിധ ജലവിതരണ പദ്ധതി പ്രദേശങ്ങളുടെ സ്രോതസ്സുകളിൽ തടയണ നിർമ്മാണം, സ്രോതസ്സുകളിലെ ചെളി, മണ്ണ് എന്നിവ നീക്കം ചെയ്യൽ, ഇൻഫിൽട്രേഷൻ ഗാലറിശുദ്ധീകരണം എന്നീ പ്രവൃത്തികൾ ധനലഭ്യതയനുസൃതമായി വരൾച്ചാ ദുരിതാശ്വാസ പ്രവൃത്തികളിൽ ഉൾപ്പെടുത്തി ചെയ്തുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ജലനിധി

കിണറുകളിലെ point recharge, roof water harvesting ചെറുകിട തടയണകൾ, Gabion structure, Radial Arm, നീർക്കുഴികൾ, ഓട (ഓവ്ചാൽ നിർമ്മാണം), sub-surface dyke എന്നീ രീതികൾ ഭൂമിയുടെ കിടപ്പനുസരിച്ച് നടപ്പിലാക്കാനും പാഴായിപ്പോകുന്ന മഴവെള്ളത്തെ മേൽപ്പറഞ്ഞ രീതികളിലൂടെ ശുദ്ധീകരിച്ച് ജലസ്രോതസ്സുകളെ സംരക്ഷിക്കാനുമാണ് ഉദ്ദേശിക്കുന്നത്.

ഭൂജലവകുപ്പ്

ഇറന്ന കിണറുകൾ കൃത്രിമമായ റീചാർജ്ജ് ചെയ്യുന്നതിലൂടെ കൂടുതൽ മഴവെള്ളം ഭൂമിക്ക് ഉള്ളിലേയ്ക്ക് ആഴ്ന്നിറങ്ങുന്നതിനും അതുവഴി ഭൂജല നിരപ്പ് ഉയരുന്നതിനും കാരണമാകുന്നു. "ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും" എന്ന പദ്ധതി ഭൂജല വകുപ്പ് കാലാകാലങ്ങളിൽ ലഭ്യമാകുന്ന ഫണ്ട് ഉപയോഗിച്ച് നടപ്പാക്കുന്നതുവഴി വേനൽക്കാലങ്ങളിൽ ജലക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ ഭൂജല നിരപ്പ് ഉയർത്തുന്നതിനും വരൾച്ചയുടെ തോത് പദ്ധതി നടപ്പിലാക്കുന്ന പ്രദേശങ്ങളിൽ കുറയ്ക്കുവാനും സഹായകരമാകുന്നുണ്ട്.

ക്ഷേത്രക്കുളങ്ങളുടെ പുനരുദ്ധാരണം

214 (879) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ക്ഷേത്രക്കുളങ്ങളുടെ പുനരുദ്ധാരണം സംബന്ധിച്ച് ജലസേചന വകുപ്പ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ബി) ക്ഷേത്രക്കുളങ്ങളുടെ പുനരുദ്ധാരണം സംബന്ധിച്ച് എത്ര പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ;

(സി) കുളങ്ങളുടെ സംരക്ഷണം സംബന്ധിച്ച് മൈനർ ഇറിഗേഷൻ പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; ഇതിന് 2015-16 ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്ന് അറിയിക്കാമോ ?

ഉത്തരം

(എ&ബി) പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly